# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/228/2018 2018 ഒക്ടോബർ 26

## എം.ജി. വാർത്താക്കുറിപ്പ്

### പരീക്ഷാ തീയതി

നാലാം സെമസ്റ്റർ എം.എസ്‌സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2016 അഡ്മിഷൻ റഗുലർ), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2014-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 14 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഒക്ടോബർ 29 വരെയും 500 രൂപ പിഴയോടെ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ 31 വരെയും നൽകാം.

### എം.കോം. സൂക്ഷ്മപരിശോധന

രണ്ടാം സെമസ്റ്റർ എം.കോം (സി.എസ്.എസ്.) ജൂൺ 2017 പരീക്ഷയുടെ സൂക്ഷ്മപരിശോധന ഒക്ടോബർ 30, 31, നവംബർ ഒന്ന് തീയതികളിൽ നടത്തും. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ അന്നേ ദിവസം സർവകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ 226-ാം നമ്പർ മുറിയിൽ തിരിച്ചറിയൽ കാർഡ്/ഹാൾ ടിക്കറ്റ് എന്നിവയുമായി എത്തണം.

### അപേക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എ., എം.എസ്‌സി., എം.കോം., എം.സി.ജെ., എം.എസ്.ഡബ്ല്യു., എം.ടി.എ., എം.ടി.ടി.എം. (സി.എസ്.എസ്.) (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾക്ക് നവംബർ രണ്ടു മുതൽ ഒൻപതു വരെ ഓൺലൈനായി അപേക്ഷിക്കാം. ഇ-പേയ്‌മെന്റ് മുഖേനയാണ് ഫീസടയ്ക്കേണ്ടത്. 500 രൂപ പിഴയോടെ നവംബർ 12 മുതൽ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ നവംബർ 16 മുതൽ 21 വരെയും അപേക്ഷ നൽകാം. റഗുലർ വിദ്യാർഥികൾ കോളേജ് മുഖേന ഓൺലൈനായി ഫീസടയ്ക്കണം. റഗുലർ വിദ്യാർഥികൾ സെമസ്റ്ററൊന്നിന് 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ (പരമാവധി 200 രൂപ) വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

സപ്ലിമെന്ററി പരീക്ഷയ്ക്ക് (2014, 2015, 2016 അഡ്മിഷൻ/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) ഓൺലൈനായി ഫീസടച്ചശേഷം അപേക്ഷ സർവകലാശാലയിൽ നേരിട്ട് നൽകണം. പിഴയില്ലാതെ നവംബർ ഒൻപത് വരെയും 500 രൂപ പിഴയോടെ നവംബർ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ നവംബർ 21 വരെയും അപേക്ഷിക്കാം.

### പരീക്ഷ മാറ്റി

ഒക്ടോബർ 31 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ/സി.ബി.സി.എസ്.എസ്. 2012 - 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 14 മുതൽ ആരംഭിക്കും.

## രണ്ടു വർഷത്തിനുള്ളിൽ 101 സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകൾ;

## അപൂർവ്വനേട്ടവുമായി എം.ജി. സർവകലാശാല

രണ്ടു വർഷത്തിനുള്ളിൽ 101 സ്റ്റുഡന്റ്സ് സ്റ്റാർട്ടപ്പുകളെന്ന നേട്ടം കൈവരിച്ച് മഹാത്മാ ഗാന്ധി സർവകലാശാല. ഏറ്റവുമധികം സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിച്ച സംസ്ഥാനത്തെ ആദ്യ സർവകലാശാലയെന്ന ഖ്യാതിയും എം.ജി.യ്ക്ക്. വിദ്യാർഥികളിൽ സംരംഭക താല്പര്യം വളർത്തുന്നതിനായി 2016ൽ സർവകലാശാല ആരംഭിച്ച ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്റർ (ബി.ഐ.ഐ.സി.) വഴിയാണ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ അവസരം നൽകിയത്. സംരംഭങ്ങൾക്ക് പുറമെ പേറ്റന്റ് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സഹായവും ബി.ഐ.ഐ.സി. നൽകുന്നു. ഇതിനകം 14 പേറ്റന്റ് അപേക്ഷകൾ സമർപ്പിക്കപ്പെട്ടു. നാനോ ടെക്നോളജി, ബയോടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി, ഗ്രീൻ ടെക്നോളജി എന്നീ മേഖലകളിലെയും

സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം പദ്ധതിക്ക് കീഴിൽ വരുന്ന ജൈവ കൃഷി, മാലിന്യനിർമാർജനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകളിലെയും നവീനാശയങ്ങൾ പ്രാവർത്തികമാക്കാൻ ബി.ഐ.ഐ.സി. വിദ്യാർഥികൾക്ക് അവസരം നൽകി. സംസ്ഥാനതലത്തിൽ വിദ്യാർഥികളിൽ നിന്ന് നവീനാശയങ്ങൾ ക്ഷണിച്ചാണ് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് സഹായം നൽകുന്നത്.

നവീന ആശയങ്ങൾ പ്രാവർത്തികമാക്കാൻ ശാസ്ത്ര സാങ്കേതിക, ബിസിനസ് മാനേജ്മെന്റ്, ധനകാര്യ ആസൂത്രണം, വിപണനം തുടങ്ങിയ മേഖലകളിലെ വിദഗ്ധരുടെ നേരിട്ടുള്ള മേൽനോട്ടവും മാർഗനിർദ്ദേശങ്ങളും നൽകുന്നു. സർവകലാശാലയിലെ അദ്ധ്യാപകരുടെയും വ്യവസായ വിദഗ്ധരുടെയും സാങ്കേതിക സഹായം, അത്യാധുനിക ഉപകരണങ്ങളും പരീക്ഷണശാലകളും ഉള്ളന്ന വികസനത്തിനായി ഉപയോഗിക്കാനുള്ള അവസരം, ട്രേഡ് മാർക്ക്, ലൈസൻസ്, പേറ്റന്റ് തുടങ്ങിയവയ്ക്ക് അപേക്ഷിക്കാനുള്ള സൗകര്യം, സാങ്കേതിക വിദ്യ കൈമാറ്റത്തിനുള്ള സഹായം എന്നിവയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ലഭിക്കും.

സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ 40 വിദ്യാർഥികൾക്കുള്ള ഗ്രാന്റ് വിതരണോദ്ഘാടനം സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചെയർമാൻ ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് നിർവഹിച്ചു. തൊഴിൽ തേടുന്നവരിൽ നിന്ന് തൊഴിൽദായകരായി വിദ്യാർഥികളെ വളർത്തിയെടുക്കാൻ സർവകലാശാലകൾ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാകണമെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ ജൈവവ്യവസ്ഥയെ ശക്തിപ്പെടുത്താൻ കഴിയുന്ന നവീനാശയങ്ങൾ യാഥാർത്ഥ്യമാക്കാൻ ബി.ഐ.ഐ.സി.ക്ക് കഴിഞ്ഞിട്ടുണ്ടെന്നും വിദ്യാർഥികളുടെ 101 സ്റ്റാർട്ടപ്പുകൾ തുടങ്ങാനായത് വലിയ നേട്ടമാണെന്നും ഇൻകുബേഷൻ സെന്ററിന് കെ.എസ്.ഐ.ഡി.സി. എല്ലാവിധ പിന്തുണയും നൽകുമെന്നും അദ്ദേഹം പറഞ്ഞു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, ബി.ഐ.ഐ.സി. ഡയറക്ടർ ഡോ. ആർ. ഗിരീഷ് കുമാർ, പ്രൊഫ. മാത്യു കുര്യൻ എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**മഹാത്മാ ഗാന്ധി സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ വഴി തെരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായ വിതരണോദ്ഘാടനം കെ.എസ്.ഐ.ഡി.സി. ചെയർമാൻ ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് നിർവഹിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, ഡയറക്ടർ ഡോ. ആർ. ഗിരീഷ്കുമാർ എന്നിവർ സമീപം**

**ഫലപ്രഖ്യാപനം വേഗത്തിലാക്കാനൊരുങ്ങി എം.ജി.**

## മൂല്യനിർണയ ക്യാമ്പ് നവംബർ ഒന്നു മുതൽ;

## 4800 അധ്യാപകർ പങ്കെടുക്കും

ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ഫലപ്രഖ്യാപനം വേഗത്തിലാക്കാനൊരുങ്ങി മഹാത്മാ ഗാന്ധി സർവകലാശാല. രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ജൂൺ 2018, അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ഒക്ടോബർ 2018 ബിരുദ പരീക്ഷകളുടെ ഉത്തരക്കടലാസിന്റെ മൂല്യനിർണയം നവംബർ ഒന്നു മുതൽ 12 വരെ നടക്കും. എട്ടു സോണുകളിലായി കേന്ദ്രീകൃത രീതിയിലാണ് മൂല്യനിർണയം നടക്കുക. 4800 അധ്യാപകരെ മൂല്യനിർണയ ക്യാമ്പുകളിൽ നിയോഗിച്ചാണ് ദ്രുതഗതിയിൽ ഫലപ്രഖ്യാപനം നടത്തുന്നതിന് സർവകലാശാല ഒരുങ്ങുന്നത്. രണ്ടാം സെമസ്റ്റർ പി.ജി. സി.എസ്.എസ്. ജൂലൈ 2018, ഒന്ന്, രണ്ട് സെമസ്റ്റർ പി.ജി. പ്രൈവറ്റ് ജൂലൈ 2018 പരീക്ഷകളുടെ മൂല്യനിർണയം ഹോം വാല്യുവേഷൻ സ്പെഷൽ സ്കീം പ്രകാരവും നടക്കും.

കോട്ടയം ഗവ. കോളേജ്, കോട്ടയം ബസേലിയസ് കോളേജ്, പാലാ സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, മൂവാറ്റുപുഴ നിർമല കോളേജ്, ആലുവ യു.സി. കോളേജ്, തൃപ്പൂണിത്തുറ ചിന്മയ വിദ്യാപീഠ്, കട്ടപ്പന ലബ്ബക്കട ജെ.പി.എം. കോളേജ് എന്നിവിടങ്ങളിലാണ് മൂല്യനിർണയ ക്യാമ്പുകൾ പ്രവർത്തിക്കുക.

വിവിധ കോളേജുകളിൽ നിന്നുള്ള അധ്യാപകർ അവർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സോണിലെ മൂല്യനിർണയ ക്യാമ്പിൽ ഹാജരാകണം. അനുവദിക്കപ്പെട്ട ക്യാമ്പിൽ നിന്ന് മറ്റൊരു ക്യാമ്പിലേക്ക് അധ്യാപകന് മാറുന്നതിന് സർവകലാശാല അനുമതി വേണം. ജില്ലയ്ക്കുള്ളിൽ ക്യാമ്പ് മാറ്റം അനുവദിക്കില്ല. ക്യാമ്പ് ഡയറക്ടർമാരുടെയും ക്യാമ്പ് ഉദ്യോഗസ്ഥരുടെയും യോഗം സർവകലാശാല അസംബ്ലി ഹാളിൽ നടന്നു. രണ്ട്, അഞ്ച് സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ഫലം ജനുവരിയിൽ പ്രഖ്യാപിക്കുകയാണ്

ലക്ഷ്യമെന്ന് മുഖ്യപ്രഭാഷണം നടത്തിയ സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് പറഞ്ഞു. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ്, ഡോ. അജി. സി. പണിക്കർ, ഡോ. എം.എസ്. മുരളി, വി.എസ്. പ്രവീൺകുമാർ, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷ മൂല്യനിർണയ ക്യാമ്പുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി സർവകലാശാലയിൽ നടന്ന ക്യാമ്പ് ഡയറക്ടർമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് സംസാരിക്കുന്നു**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ